VI. റിപ്പോർട്ട് സമർപ്പണം

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പത്തും പതിനൊന്നും റിപ്പോർട്ടുകൾ

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പത്താമത്തേയും, പതിനൊന്നാമത്തേയും റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VII. നിയമസഭായോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം

മി. ഡെപ്യൂട്ടി സ്പീക്കർ: നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 170 അനുസരിച്ച് ശ്രീമതി മേഴ്സി രവി സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം ചോദിച്ചു കൊണ്ട് ഒരു അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ ഞാൻ വായിക്കാം. "മദ്രാസ് മെഡിക്കൽ മിഷൻ ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്നതിനാൽ 11-ാം കേരള നിയമസഭയുടെ 8-ാം സമ്മേളനത്തിൽ എനിക്ക് പങ്കെടുക്കാൻ സാധിക്കാതെവന്നിരിക്കുന്നു. ആയതിനാൽ പ്രസ്തുത സമ്മേളനത്തിൽ ഹാജരാകാതിരിക്കുന്നതിന് എനിക്ക് അനുവാദം നൽകണമെന്ന് അപേക്ഷിക്കുന്നു".

ശ്രീമതി മേഴ്സി രവി സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കുന്നതിന് ഈ സഭയ്ക്ക് സമ്മതമാണോ?

നിയമ സഭാംഗങ്ങൾ : അതെ.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീമതി മേഴ്സി രവിക്ക് 11-ാം കേരള നിയമസഭയുടെ 8-ാം സമ്മേളനത്തിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകിയിരിക്കുന്നു.

VIII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് പരിഗണന

ശ്രീ. എ. സുജനപാൽ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 28-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly